# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/232/2018 2018 ഒക്ടോബർ 31

## എം.ജി. വാർത്താക്കുറിപ്പ്

---

**പരീക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ ബി.ആർക്. (2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2011 - 2015 അഡ്മിഷൻ സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ ബി.ആർക്. (2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2011 - 2014 അഡ്മിഷൻ സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ ബി.ആർക്. (2014 അഡ്മിഷൻ റഗുലർ, 2011 - 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 14 വരെയും, 500 രൂപ പിഴയോടെ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**നാനോടെക്നോളജി: എം.ജി.യിൽ**

**രാജ്യാന്തര പ്രഭാഷണ പരമ്പര നടന്നു**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ രാജ്യാന്തര പ്രഭാഷണം നടന്നു. 'ജൈവ സാമ്പത്തിക വ്യവസ്ഥയിൽ ബയോമാസിന്റെ ഉപയോഗം' എന്ന വിഷയത്തിൽ നെതർലന്റ് ശാസ്ത്രജ്ഞൻ ഡോ. ജാൻ വാൻ ഡാം പ്രബന്ധം അവതരിപ്പിച്ചു.

'സെല്ലുലോസ് നാനോ ഫൈബറുകളുടെ രൂപാന്തരത്തെ'ക്കുറിച്ച് ജപ്പാനിലെ യമഗുച്ചി സർവകലാശാലയിലെ ശാസ്ത്രജ്ഞനായ പ്രൊഫ. കൊയിച്ചി ഗോദയും നാനോ ടെക്നോളജിയുടെ അപകട സാധ്യതകളെക്കുറിച്ച് ഫ്രാൻസിലെ ഡിസി ലൊറൈൻ സർവകലാശാലയിലെ പ്രൊഫ. ദിദിയർ റക്സൽ എന്നിവർ പ്രഭാഷണം നടത്തി. ശാസ്ത്രജ്ഞനും സർവകലാശാല വൈസ് ചാൻസലറുമായ പ്രൊഫ. സാബു തോമസ്, നാനോ സെന്റർ വകുപ്പ് മേധാവി ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ പ്രസംഗിച്ചു.

**പരീക്ഷാഫലം**

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. (സൈക്കോളജി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ഫെബ്രുവരി, ഓഗസ്റ്റ് മാസങ്ങളിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എസ്സി. (ഇ.എസ്.എം. ആന്റ് ഇ.എസ്. ആന്റ് ഡി.എം.) എൻവയോൺമെന്റൽ ആന്റ് അറ്റ്മോസ്ഫെറിക് സയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ഓഗസ്റ്റ് മാസത്തിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ഏപ്രിലിൽ നടത്തിയ രണ്ടാംവർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (2008-2015 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 13 വരെ അപേക്ഷിക്കാം.

## എം.എ. ഹിന്ദി; അന്തിമ സ്ഥാനപട്ടിക

2014 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപ്പട്ടിക പ്രസിദ്ധീകരിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലെ എസ്. പ്രസാര, ആരതി സി. രഘുനാഥ്, പാലാ സെന്റ് തോമസ് കോളേജിലെ എം. ജിതമോൾ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിശദമായ പട്ടിക സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## സർവകലാശാലയിൽ ദേശീയ പുനരർപ്പണ ദിനാചരണം

മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ 34-ാം രക്തസാക്ഷിത്വദിനം ദേശീയ പുനരർപ്പണ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ അനുസ്മരണ സമ്മേളനം നടന്നു. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. എ.എസ്. പത്മനാഭൻ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ എം.ആർ. ഉണ്ണി ദേശീയ പുനരർപ്പണ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പി.ആർ.ഒ. എ. അരുൺ കുമാർ, സർവകലാശാലാ ജീവനക്കാർ എന്നിവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

**മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ 34-ാം രക്തസാക്ഷിത്വദിനം ദേശീയ പുനരർപ്പണ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ജീവനക്കാർ പുനരർപ്പണ ദിന പ്രതിജ്ഞയെടുക്കുന്നു**

### എൻ.എസ്.എസ്. സെമിനാർ നടന്നു

## 'വിനോദ മാർഗങ്ങളിലൂടെയും വിജ്ഞാനം പകരാനാകണം'

സിനിമ പോലുള്ള വ്യത്യസ്ത വിനോദ മാർഗങ്ങളിലൂടെ വിജ്ഞാനം ലളിതമായി വിദ്യാർഥികളിലേക്കും ജനങ്ങളിലേക്കും എത്തിക്കാനുള്ള മനോഭാവം അധ്യാപകർ ആർജിക്കണമെന്ന് സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ പറഞ്ഞു. നാഷണൽ സർവീസ് സ്കീം എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കും വോളണ്ടിയർ സെക്രട്ടറിമാർക്കുമായി സംഘടിപ്പിച്ച 'വിജ്ഞാനം വിനോദത്തിലൂടെ' സെമിനാർ സർവകലാശാല അസംബ്ലിഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആധുനികതയുടെ ഭാഗമായി പഠനങ്ങളിൽ വന്ന യാന്ത്രികത പലപ്പോഴും സൗന്ദര്യാത്മകതയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നും വിഷയങ്ങളെ പരസ്പരബന്ധമില്ലാത്ത അറകളെന്നപോലെ മാറ്റിയിട്ടുണ്ടെന്നും മുഖ്യ പ്രഭാഷണം നടത്തിയ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകൻ ഡോ. അജു കെ. നാരായണൻ പറഞ്ഞു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഓഫീസർമാരും വോളണ്ടിയർമാരും ചർച്ചയിൽ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

**നാഷണൽ സർവീസ് സ്കീം എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കും വോളണ്ടിയർ സെക്രട്ടറിമാർക്കുമായി സംഘടിപ്പിച്ച 'വിജ്ഞാനം വിനോദത്തിലൂടെ' സെമിനാർ സർവകലാശാല അസംബ്ലിഹാളിൽ സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ